## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1377** — 13.12.2012-ൽ മറുപടിയ്ക്ക്

### പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.സി.വിഷ്ണുനാഥ്**<br>**,, റ്റി.എൻ.പ്രതാപൻ**<br>**,, എ.പി.അബ്ദുള്ളക്കുട്ടി**<br>**,, തേറമ്പിൽ രാമകൃഷ്ണൻ** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ ; | (എ) | ഇത്തരം 8570 കി.മീ റോഡുകളെ മേജർ ജില്ലാ റോഡുകളായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നു ; വിശദാംശങ്ങൾ എന്തെല്ലാം ;<br>(സി) എത്ര കിലോമീറ്റർ റോഡാണ് വകുപ്പ് ഏറ്റെടുത്തത് ; | (ബി) & (സി) | 2001-06 കാലഘട്ടത്തിൽ 13011 കി.മീ. ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് ഉത്തരവായി എങ്കിലും കേരളാ പഞ്ചായത്ത് രാജ് ആക്ട്/കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരമുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സാധിച്ചിരുന്നില്ല. എന്നാൽ 14.08.2009-ൽ ഇതിൽപ്പെട്ട 4441 കി.മീ റോഡുകൾ ഏറ്റെടുത്ത് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അവശേഷിച്ച 8570 കി.മീ റോഡുകൾ ഈ സർക്കാർ അധികാരമേറ്റശേഷം 07.01.2012-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.05/2012/പൊ.മ.വ പ്രകാരം മേജർ ഡിസ്ട്രിക്ട് റോഡുകളായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) ഏറ്റെടുത്ത റോഡുകളിൽ എന്തെല്ലാം നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | 2012-13 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇത്തരം റോഡുകളിലെ പ്രവൃത്തികൾക്കായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതനുസരിച്ച് വിവിധ ജില്ലകളിലെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ സർക്കാർ പരിശോധിച്ചു വരുന്നു |

**സെക്ഷൻ ഓഫീസർ**